കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***<u>പ്രസിദ്ധീകരണത്തിന്</u>***

തീയതി 26.05.2020

# സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറുടെ ആസ്ഥാന മന്ദിരം മേയ് 28 ന് മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിക്കും - മന്ത്രി ജി.സുധാകരൻ

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറുടെ ആസ്ഥാന മന്ദിരത്തിന്റെ ഉദ്ഘാടനം മേയ് 28 ന് രാവിലെ 10 മണിക്ക് കോവിഡ് 19 പ്രൊട്ടോകോൾ പാലിച്ചുകൊ ് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുമെന്ന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ജി.സുധാകരൻ അറിയിച്ചു. ചടങ്ങിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി.സുധാകരൻ, തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി എ.സി.മൊയ്തീൻ, തിരുവനന്തപുരം എം.പി ശശി തരൂർ, തിരുവനന്തപുരം കോർപ്പറേഷൻ മേയർ കെ. ശ്രീകുമാർ, തിരുവനന്തപുരം എം.എൽ.എ വി.എസ്. ശിവകുമാർ, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ എന്നിവർ പങ്കെടുക്കും.

നഗരത്തിന്റെ ഹൃദയ ഭാഗമായ വികാസ് ഭവൻ ക്യാമ്പസിൽ സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണറുടെ ആസ്ഥാന മന്ദിരം പ്രവർത്തിപ്പിക്കുന്നതിനായി ഏഴു നിലകൾ ഉള്ള ഒരു ബഹു നില കെട്ടിടമാണ് പൊതുമരാമത്ത് വകുപ്പ് പണി കഴിപ്പിച്ചിട്ടുള്ളതെന്ന് മന്ത്രി പറഞ്ഞു. ഈ മന്ദിരം നിർമ്മിക്കുന്നതിനായി 29.06.2015 ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി) നം. 1961/2015/എൽ എസ് ജി ഡി പ്രകാരം 13.50 കോടി രൂപയുടെ ഭരണാനുമതി സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് പ്രവൃത്തികൾക്ക് ലഭിക്കുകയും തുടർന്ന് 18.01.2016-ൽ ഈ പ്രവർത്തിക്ക് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സാങ്കേതിക അനുമതി നൽകുകയും ചെയ്തു. ഈ പ്രവൃത്തി ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ ദർഘാസ് ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് (4.15% കുറവ്) കാട്ട് ചെയ്ത M/s Heather Construction മായി 30.11.2016-ൽ 8.14 കോടി രൂപയ്ക്ക് കരാറ് വയ്ക്കുകയും ഈ പ്രവൃത്തി 02.07.2019-ൽ പൂർത്തീകരിക്കുകയും ചെയ്തു.

ഈ കെട്ടിടത്തിന്റെ വാസ്തു ഘടന, സ്ട്രക്ച്ചറൽ രൂപകല്പന, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് പ്രവൃത്തികൾ എല്ലാം തന്നെയും പൊതുമരാമത്തിന്റെ വിവിധ വിഭാഗങ്ങളാണ് നിർവ്വഹിച്ചിട്ടുള്ളത്.

കേരള നിയമസഭ മന്ദിരത്തിന് സമീപത്തായി നിർമ്മിക്കപ്പെട്ട തെരഞ്ഞെടുപ്പ് കമ്മീഷന്റെ പുതിയ കെട്ടിടത്തിന് ആധുനികത പ്രതിഫലിക്കുന്ന ഒരു സമകാലിക രൂപകല്പന ശൈലിയാണ് സ്വീകരിച്ചിട്ടുള്ളത്. ലഭ്യമായ സ്ഥലം പരമാവധി ഉപയോഗപ്പെടുത്തി, ലളിതമായാണ് ഈ കെട്ടിടം വിഭാവനം ചെയ്തിരിക്കുതെന്ന് മന്ത്രി അറിയിച്ചു.

ഏഴ് നിലകളിലായി പണി കഴിപ്പിച്ചിട്ടുള്ള ഈ കെട്ടിടത്തിന് 1997 ചതുരശ്ര മീറ്റർ (21,500 ചതുരശ്ര അടി) വിസ്തീർണ്ണമാണുള്ളത്. ഈ കെട്ടിടത്തിന്റെ ബേസ്മെന്റ് ഫ്ളോറിൽ 9 കാർ പാർക്ക് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ട്രാൻസ്ഫോർമറും ഫയർ പമ്പിനുള്ള

സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രൗണ്ട് ഫ്ളോറിൽ റിസപ്ഷൻ, ലോബി, ഡ്രൈവേഴ്സ് റെസ്റ്റ് റൂം കൂടാതെ 10 കാറുകൾ പാർക്ക് ചെയ്യാനുള്ള സൗകര്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇരുചക്ര വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സൗകര്യം കെട്ടിടത്തിന്റെ പുറക് വശത്തായി സജ്ജീകരിച്ചിട്ടുണ്ട്.

ഒന്നാം നിലയിൽ കമ്മീഷണർക്കുള്ള മുറിയിൽ വെളിച്ചം ലഭിക്കുന്ന രീതിയിൽ ഒരു ഭിത്തിയിൽ ഗ്ലാസ്സുകൾ പണി കഴിപ്പിച്ചിട്ടുണ്ട്. മറ്റ് ഭിത്തികളിൽ മറൈൻ പ്ളൈവുഡ് കൊണ്ടുള്ള വോൾ പാനലിംഗിൽ വെനീറും ലാമിനേറ്റഡ് പാനൽ ബോർഡും സംയോജിപ്പിച്ച് വളരെ മനോഹരമായ രീതിയിലാണ് പണി കഴിപ്പിച്ചിട്ടുള്ളത്. ഈ മുറിയോട് അനുബന്ധിച്ച് കമ്മീഷണർക്കുള്ള റിട്ടയറിംഗ് റൂമും സജ്ജീകരിച്ചിട്ടുണ്ട്. റിട്ടയറിംഗ് റൂമിൽ നിന്ന് കമ്മീഷണർക്ക് നേരിട്ട് കോർട്ട് ഹാളിൽ കയറുന്നതിനുള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ഒന്നാം നിലയിലെ കോർട്ട് ഹാളിന്റെ wall panelling MDF board ൽ teak wood ഫിനിഷിലാണ് നൽകിയിരിക്കുന്നത്. അഡ്വക്കേറ്റ്സ് റെസ്റ്റ് റൂമും ഈ നിലയിൽ സജ്ജീകരിച്ചിട്ടുണ്ട്.

രണ്ടും മൂന്നും നിലകളിൽ സെക്രട്ടറിയുടെ മുറിയും, ഓഫീസർമാർക്കുള്ള മുറികളും, വിശാലമായ സെക്ഷൻ ഓഫീസുകളും ക്രമീകരിച്ചിട്ടുണ്ട്. സെക്ഷൻ ഓഫീസിലെ ക്യുബിക്കലുകൾ മറൈൻ പ്ലൈവുഡിൽ വിവിധ നിറത്തിലുള്ള ലാമിനേഷൻ നൽകി ആധുനിക രീതിയിലാണ് പണി കഴിപ്പിച്ചിട്ടുള്ളത്. ഇതിനോടൊപ്പം തന്നെ ഫയൽ സൂക്ഷിക്കാനുള്ള cupboards ഉം ഒരുക്കിയിട്ടുണ്ട്. നാലാം നിലയിൽ 600 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ബോർഡ് റൂം, ലൈബ്രറി, റീഡിംഗ് റൂം, ഡൈനിംഗ് റൂം, പാൻട്രി, സ്റ്റോർ റൂം എന്നിവയും അഞ്ചാം നിലയിൽ 1500 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു മിനി ഓഡിറ്റോറിയവുമാണ് പണി കഴിപ്പിച്ചിട്ടുള്ളത്. നൂറ് പേർക്കുള്ള seating capacity യാണ് ഈ ഹാളിനുള്ളത് . വളരെ മനോഹരമായ രീതിയിലാണ് ഈ മുറിയുടെ ഇന്റീരിയറും, വെളിച്ച ശബ്ദ ക്രമീകരങ്ങൾ എന്നിവ നടത്തിയിട്ടുള്ളത്. വി ഐ പി സ്യൂട്ട് മുറികൾ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. ഓരോ നിലകളിലും ഇന്റീരിയർ പ്രവൃത്തികൾ ആധുനിക രീതിയിൽ പണികഴിപ്പിച്ചിട്ടുണ്ട്. എല്ലാ നിലകളിലും ശൗചാലയങ്ങളും അംഗപരിമിതർ ക്കുള്ള സൗകര്യങ്ങൾ, ലിഫ്റ്റ് എന്നിവയും ഈ കെട്ടിടത്തിന്റെ സവിശേഷതകളാണ്. ഈ കെട്ടിടത്തിന്റെ ഗോവണികളിൽ വെളിച്ചം ലഭിക്കുന്ന രീതിയിലാണ് പുറം ഭിത്തിയിൽ ഗ്ലാസ്സുകൾ പണി കഴിപ്പിച്ചിരിക്കുന്നത്.

ഈ കെട്ടിടത്തിൽ കമ്പ്യൂട്ടർ നെറ്റ് വർക്കിംഗ് സംവിധാനം, EPABX, CCTV ക്യാമറാ, ബോർഡ്റൂംകോൺഫറൻസിങ്ങ്, വീഡിയോ കോൺഫറൻസിങ്ങ്, പ്രോജക്ടർ സംവിധാനം മുതലായവയും മീറ്റിങ്ങ് ഹാളിൽ ആവശ്യമായ ഓഡിയോ വീഡിയോ സംവിധാനവും, ടി.വി മുതലായവ പൊതുമരാമത്തിന്റെ ഇലക്ട്രോണിക്സ് വിഭാഗമാണ് ഒരുക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിന് 62,67,749/- രൂപയുടെ കരാറാണ് M/s. Forecom Infrated System Pvt.Ltd എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. 2 MP യുടെ 38 ആധുനിക IP ക്യാമറകളാണ് കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ളത്. 128 എക്സ്റ്റൻഷൻ വരെ നൽകുവാൻ ശേഷിയുള്ള ആധുനിക IP അധിഷ്ഠിത EPABX സംവിധാനവും ചെയർമാൻ യൂണിറ്റുൾപ്പെടെ 16 delegate ഉൾപ്പെടുന്ന കോൺഫറൻസ് സംവിധാനം ബോർഡ് റൂമിലേക്കും കലാപരിപാടികൾ ഉൾപ്പെടെ നടത്തുവാൻ ഉതകുന്ന തരത്തിൽ മിക്സർ സംവിധാനത്തോടുള്ള ശബ്ദ

സംവിധാനവുമാണ് പ്രധാന ഓഡിറ്റോറിയത്തിൽ സ്ഥാപിക്കുന്നത്. ബോർഡ് റൂമിലും, ഓഡിറ്റോറിയത്തിലും പ്രൊജക്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതീകരണം, എയർ കണ്ടീഷനിംഗ്, ഫയർ ഫൈറ്റിംഗ്, ലിഫ്റ്റ്, യു പി സ് മുതലായ പ്രവൃത്തികളുടെ നിർവ്വഹണ ചുമതല വഹിച്ചത് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗമാണ്. പ്രസ്തുത പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് രണ്ടു കോടി രൂപയാണ് ചെലവായത്. വൈദ്യുതീകരണ പ്രവൃത്തികൾ ശ്രീ. മുഹമ്മദ് സുബൈർ, ബാലരാമപുരം ഇലക്ട്രിക്കൽസ് എന്ന കരാറുകാരൻ മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളത്. ഊർജ്ജ കാര്യക്ഷമതയുള്ള എൽ ഇ ഡി ലൈറ്റുകൾ, ഫൈവ് സ്റ്റാർ സീലിംഗ് ഫാനുകൾ എന്നിവയ്ക്കു പുറമേ ട്രാൻസ്ഫോർമർ, ജനറേറ്റർ എന്നിവയും ഇതിൽപ്പെടുന്നു. വി ആർ എഫ് സംവിധാനത്തോടു കൂടിയ എയർ കണ്ടീഷനിംഗ് പ്രവൃത്തികൾ മാക്സെൽ ഏജൻസീസ് എന്ന സ്ഥാപനവും ഫയർ ഫൈറ്റിംഗ് പ്രവൃത്തികൾ ഹൈ - ഇലക്ട് എന്റർപ്രൈസസ് എന്ന സ്ഥാപനവുമാണ് നിർവ്വഹിച്ചിട്ടുള്ളത്. ലിഫ്റ്റ്, യു പി എസ് എന്നീ പ്രവൃത്തികൾ യഥാക്രമം ഒമേഗാ എലിവേറ്റേഴ്സ് മാസ് ഇലക്ട്രിക്കൽസ് എന്നിവരാണ് നിർവ്വഹിച്ചിട്ടുള്ളത്.

സ്പെഷ്യൽ ബിൽഡിംഗ്സ് വിഭാഗം, തിരുവനന്തപുരത്തിന്റെ കീഴിൽ പൂർത്തീകരിച്ച ഈ മന്ദിരം പൊതുമരാമത്ത് വകുപ്പിന്റെ **'പുതിയ കാലം പുതിയ നിർമ്മാണം'** എന്ന മുദ്രാവാക്യത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണെന്നും മന്ത്രി ജി.സുധാ കരൻ അറിയിച്ചു.


STATE


STATE
ELECTION
COMMISSION


STATE
ELECTION
COMMISSION


STATE
ELECTION
COMMISSION


STATE ELECTION COMMISSION
സംസ്ഥാന
തിരഞ്ഞെടുപ്പ്
കമ്മീഷൻ
STATE
ELECTION
COMMISSIO


KL01BY7076